(ബി) ഇവർ പ്രതിദിനം എത്ര കോഴികളെ മാർക്കറ്റിലെത്തിക്കുന്നു;

(സി) സംസ്ഥാനത്തെ കോഴികൃഷിക്ക് വേണ്ടിവരുന്ന ചെലവും അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ കോഴികൃഷിക്ക് വേണ്ടിവരുന്ന ചെലവും തുല്യമാണോ.

(ഡി) സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന കോഴിക്കും സംസ്ഥാനത്തേയ്ക്ക് കടത്തി കൊണ്ടുവരുന്ന കോഴിക്കും ഒരേ തോതിൽ ആണോ നികുതി ചുമത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) ഇത് സംസ്ഥാനത്തെ കോഴികൃഷിക്കാരെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അഞ്ഞൂറിൽ കൂടുതൽ കോഴികളെ വളർത്തുന്ന 1251 കോഴി കർഷകർ ഉണ്ട്.

(ബി) ഏകദേശം 74,000 കോഴികളെ മാർക്കറ്റിൽ എത്തിക്കുന്നു.

(സി) ചിലവ് തുല്യമല്ല, തമിഴ്നാടിനേക്കാൾ ചെലവ് കേരളത്തിൽ കൂടുതലാണ്.

(ഡി) സംസ്ഥാനത്ത് വളർത്തുന്ന കോഴിക്ക് നികുതി ഇല്ല. പുറത്തുനിന്നും കൊണ്ടു വരുന്ന കോഴിക്ക് 8% നികുതി ചുമത്തുന്നു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന കോഴിവളർത്തൽ കേന്ദ്രങ്ങൾ

65 [5522] ശ്രീ. സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ പറ്റുന്ന തരത്തിലുള്ള കോഴിവളർത്തൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്;

(ബി) കേരളത്തിന് ആവശ്യമുള്ള വിധത്തിൽ ഇറച്ചിക്കോഴികളുടേയും മുട്ടക്കോഴികളുടേയും കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ നിലവിലുള്ള കേന്ദ്രങ്ങൾക്ക് സാധിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) കുഞ്ഞുങ്ങളെ വിരിയിക്കാനുള്ള ആധുനിക ഉപകരണങ്ങൾ ഏതെല്ലാം കേന്ദ്രങ്ങളിൽ ഉണ്ട്; ഏകദേശം എത്ര വീതം കുഞ്ഞുങ്ങളെ വിരിയിക്കാൻ സാധിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഡി) കേരളത്തിന്റെ ആവശ്യത്തിന് അനുസരിച്ച് ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നില്ലെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൃഗസംരക്ഷണവകുപ്പിൻകീഴിൽ പ്രവർത്തിച്ചുവരുന്ന കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന ഫാമുകളുടെ പേര് ചുവടെ ചേർക്കുന്നു:

1. പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
2. പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം, കൂരിപ്പുഴ, കൊല്ലം.
3. സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ.
4. പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം, മണർക്കാട്, കോട്ടയം.
5. പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം, കൂവപ്പടി, എറണാകുളം.
6. പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം, മലമ്പുഴ, പാലക്കാട്.
7. പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം, ചാത്തമംഗലം, കോഴിക്കോട്.
8. പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം, മുണ്ടയാട്, കണ്ണൂർ.
9. ജില്ലാ കോഴിവളർത്തൽ കേന്ദ്രം, കോലാനി, ഇടുക്കി, തൊടുപുഴ.
10. ജില്ലാ കോഴിവളർത്തൽ കേന്ദ്രം, ആതവനാട്, മലപ്പുറം.

കൂടാതെ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവ്വകലാശാലയുടെ ഫാമിൽ നിന്നും മുട്ടക്കോഴികളെ വിതരണം ചെയ്യുന്നു.

(ബി) സംസ്ഥാനത്തിന് ആവശ്യമുള്ളതിന്റെ ചെറിയ ഒരു ശതമാനം മാത്രമേ നിലവിലുള്ള കേന്ദ്രങ്ങളിൽ നിന്ന് വിതരണം ചെയ്യുവാൻ സാധിക്കുന്നുള്ളൂ.

(സി) നിലവിലുള്ള പ്രാദേശിക കോഴിവളർത്തൽ കേന്ദ്രങ്ങളിൽ മുട്ട വിരിയിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രതിമാസം 2.1 ലക്ഷം കുഞ്ഞുങ്ങളെ വിരിയിക്കാനുള്ള സൗകര്യം ഉണ്ട്.

(ഡി) കേരള സംസ്ഥാനത്ത് ആവശ്യമുള്ള ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് വേണ്ടി ആരംഭിച്ചതാണ് കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ. കേരള സംസ്ഥാനത്തിന് ആവശ്യമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് സംസ്ഥാനത്തെ പൗൾട്രി ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ്

66 [5523] ശ്രീ. യു. സി. രാമൻ:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ തസ്തികയിലേക്ക് നിയമനത്തിന് പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ?

ഉത്തരം

നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly